# 2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2008-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

**ബിൽ**

പീഠിക.—2008-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റ് 2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് അറിയപ്പെടുന്നു.

(2) ഇത് 2008 ആഗസ്റ്റ് 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 12-ാം വകുപ്പിനുള്ള ഭേദഗതി.— 2008-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 12-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ "റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ" എന്ന വാക്കുകൾക്കുപകരം "വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) (5)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) (1)-ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഈ ആക്റ്റിലെ ലംഘനം സംബന്ധിച്ച് തനിക്കു ലഭിച്ചിട്ടുള്ള റിപ്പോർട്ടിന്മേൽ മേൽനടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയാൽ അയാൾ 23-ാം വകുപ്പുപ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തതായി കണക്കാക്കപ്പെടുന്നതാണ്.

3. 13-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിൽ, “ഏതെങ്കിലും നെൽവയൽ” എന്ന വാക്കുകൾക്കുപകരം “ഏതെങ്കിലും നെൽവയലോ തണ്ണീർത്തടമോ” എന്ന വാക്കുകളും “പ്രസ്തുത നെൽവയലിന്റെ” എന്ന വാക്കുകൾക്കു പകരം “പ്രസ്തുത നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ” എന്ന വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

4. 19-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 19-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, “റവന്യൂ ഡിവിഷണൽ ഓഫീസറുടെ” എന്ന വാക്കുകൾക്കുപകരം “വില്ലേജ് ഓഫീസറുടെ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. സാധൂകരണം.—2011-ലെ കേരള നെൽവയൽ—തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2011-ലെ 38)-ന്റെ (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) കാലാവധി കഴിഞ്ഞതാണെന്നിരിക്കിലും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും ;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിക്കുമുൻപും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായി കരുതപ്പെടേണ്ടതുമാണ്.